നഗരത്തിലെ ചേക്ലേറ്റ് പയ്യൻമാർ പുഴ കാണാനിറങ്ങുന്നതും പുഴയുടെ ഒഴുക്ക് കണ്ട് ഭ്രമിച്ച് പോകുന്നതും അപകടത്തിൽ പെടുന്നതും നമുക്ക് മനസ്സിലാക്കാം. എന്നാൽ ഗ്രാമത്തിലെ നമ്മുടെ കുട്ടികൾ തോണി അപകടത്തിൽ പെടുകയോ? ഇവിടെയാണ് ഗ്രാമങ്ങൾ നഷ്ടപ്പെടുന്നെന്ന് ഗ്രാമീണർ പോലും തിരിച്ചറിയാതിരിക്കുന്നത്. ചാലിയാർ മാവൂർ റയോൺസിൽ നിന്ന് തിരിച്ചുപിടിച്ചിട്ടെന്ത്? പുഴയ്ക്ക് ഇരു പുറവുമുള്ളവർ പുഴ സ്വന്തമാക്കുന്നില്ലെങ്കിൽ.

# നമ്മുടെ കുട്ടികളെ നീന്തൽ പഠിപ്പിക്കാൻ ലോക ബാങ്ക് വരണോ?

സിവിക് ചന്ദ്രൻ

ആഗോളവത്കൃത നാഗരിക ലോകം ആദ്യം ആക്രമിക്കുന്നത് ഗ്രാമത്തിന്റെ ആത്മാവിനെയാണ്. പിന്നീടതിന്റെ നാഗരിക സൗകര്യങ്ങൾ കൊണ്ട് അതിക്രമത്തെ മറച്ചു വെയ്ക്കുകയാണ് ചെയ്യുന്നത്. പുതിയ റോഡ്, പുതിയ പാലം, പുതിയ പുകക്കുഴൽ, പുതിയ ആന്റിന, പുതിയ ലാപ്ടോപ് എന്നെല്ലാം പറഞ്ഞ് ഗ്രാമീണരെ കൊതിപ്പിക്കുമ്പോൾ പാവം ഗ്രാമീണനറിയുന്നില്ല, തങ്ങൾക്ക് നഷ്ടപ്പെടുന്ന ആത്മാവിനെപ്പറ്റി. ആത്മാവെന്ന് നാമിവിടെ പറയുമ്പോൾ ഗ്രാമീണ വിശുദ്ധിയും ഗ്രാമീണ വിവേകവും ഗ്രാമീണ ശേഷികളും കൂടിയാണ് ഉദ്ദേശിക്കുന്നത്.

ചാലിയാറിൽ അരീക്കോട് മൂർക്കനാട് കടവിൽ ഉണ്ടായ കടത്തു തോണിയപകടം നമ്മെ ഓർമിപ്പിക്കുന്നതും ഈ സിനേറിയോ ആണ്. നഗരത്തിലെ ചോക്ലേറ്റ് പയ്യൻമാർ പുഴ കാണാനിറങ്ങുന്നതും പുഴയുടെ ഒഴുക്ക് കണ്ടു ഭ്രമിച്ചു പോകുന്നതും അപകടത്തിൽ പെടുന്നതും നമുക്ക് മനസ്സിലാക്കാം. എന്നാൽ ഗ്രാമത്തിലെ കുട്ടികൾ തോണിയപകടത്തിൽ പെടുകയോ? ഇവിടെയാണ് ഗ്രാമങ്ങൾ നഷ്ടപ്പെടുത്തിയതെന്തെന്ന് ഗ്രാമീണർ പോലും അറിയാതിരിക്കുന്നത്. ചന്ദ്രനിൽ കണ്ടെത്തിയ വെള്ളത്തെ കുറിച്ച് മൂർക്കനാട് സ്കൂളിൽ ശാസ്ത്രീയ സംവാദങ്ങൾ നടക്കുന്നുണ്ടാകും. പക്ഷേ, അധ്യാപകർക്കും രക്ഷാകർത്താക്കൾക്കും തങ്ങളുടെ മുന്നിലൂടെ ഒഴുകുന്ന പുഴയെപറ്റി കുട്ടികളെ പഠിപ്പിക്കണമെന്ന് തോന്നാതിരുന്നതെന്തുകൊണ്ട്?

കോഴിക്കോട് വേങ്ങേരി ഭാഗത്ത് പ്രൊഫ. ശോഭീന്ദ്രൻ മാസ്റ്ററുടെ നേതൃത്വത്തിൽ പുഴയെ കേന്ദ്രീകരിച്ചുകൊണ്ട് കുട്ടികൾക്കിടയിൽ നടത്തുന്ന പ്രവർത്തനങ്ങൾ ഓർമ്മ വരുന്നു. അവരവിടെ കുട്ടികളെ നീന്തൽ പഠിപ്പിക്കുകയും പുഴ മലിനീകരണക്കപ്പെടുന്നതിനെതിരെ ഗ്രാമീണരെ ബോധവത്ക്കരിക്കുകയുമാണ്. തങ്ങൾക്ക് നഷ്ടപ്പെട്ട പുഴകൾ അവർ തിരിച്ചുപിടിക്കുന്നു.

മാവൂർ റയോൺസിൽ നിന്ന് ചാലിയാർ തിരിച്ചുപിടിച്ചിട്ടെന്ത്? പുഴക്ക് ഇരുപുറവുമുള്ളവർ ആ പുഴ സ്വന്തമാക്കുന്നില്ലെങ്കിൽ, കാളിന്ദിയായിപ്പോയിരുന്ന ചാലിയാർ തിരിച്ചുപിടിച്ച പോരാട്ടങ്ങൾക്ക് അഭിവാദ്യങ്ങൾ. ചാലിയാറിനെ സ്വന്തമാക്കാൻ, ചാലിയാറിന്റെ സ്വന്തം കുട്ടികളാകാൻ ഈ ദുരന്തം കുട്ടികളേയും അവരുടെ അധ്യാപകരേയും രക്ഷാകർത്താക്കളേയും പ്രകോപിപ്പിക്കട്ടെ.

44 പുഴകളുള്ള കേരളത്തിലെ കുഞ്ഞുങ്ങളെ നീന്തൽ പഠിപ്പിക്കാൻ ഇനിയുമൊരു സർക്കാർ പദ്ധതി വേണോ? മീൻകുഞ്ഞുങ്ങളെപ്പോലും നീന്തൽ പഠിപ്പിക്കാൻ ലോകബാങ്ക് വരണമായിരിക്കും?

*(സിറാജ്)*

With best compliments from

CENTRE FOR POST GRADUATE STUDIES

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com